STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.194/PR/SPMC/PHQ/2022 Date:06.10.2022

## മയക്കുമരുന്ന് ഉപയോഗം ഉൾപ്പെടെയുള്ള വിവരങ്ങൾ

## പോൽ-ആപ്പ് വഴി രഹസ്യമായി കൈമാറാം

മയക്കുമരുന്നിന്റെ ഉപയോഗവും കടത്തും ഉൾപ്പെടെയുള്ള വിവിധ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് രഹസ്യമായി വിവരം നൽകാൻ പോലീസിന്റെ ഔദ്യോഗിക മൊബൈൽ ആപ്പ് ആയ പോൽ-ആപ്പ് ഉപയോഗിക്കാം. വിവരങ്ങൾ നൽകുന്നയാളുടെ വ്യക്തിഗത വിവരങ്ങൾ പോൽ-ആപ്പിൽ രേഖപ്പെടുത്തില്ലെന്നതാണ് ഈ സംവിധാനത്തിന്റെ പ്രത്യേകത.

പോൽ -ആപ്പിലെ സർവ്വീസസ് എന്ന വിഭാഗത്തിൽ മോർ സർവ്വീസസ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ റിപ്പോർട്ട് ടു അസ് എന്ന വിഭാഗത്തിൽ വിവരങ്ങൾ രഹസ്യമായി പങ്കുവയ്ക്കാനുള്ള ലിങ്ക് കാണാം. ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് കിട്ടുന്ന പേജിൽ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ നൽകാവുന്നതാണ്. ഇത്തരത്തിൽ ഏത് വിവരവും പോലീസിനെ രഹസ്യമായി അറിയിക്കാം.

*************************